# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4594 — 13.11.2019 ലെ മറുപടി

### കണ്ണൂർ ജില്ലയിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ്, ബാപ്പുക്കൽ ബണ്ട് എന്നിവയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മുട്ടിൽകാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കരാർ ഉടമ്പടി വച്ച് സ്ഥലം കൈമാറിയിരുന്നെങ്കിലും, മഴ തുടരുന്നതിനാൽ, പുഴയിൽ ഒഴുക്ക് കൂടുതലായതുകൊണ്ടും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രധാനഭാഗം പുഴയിൽ നടത്തേണ്ടതായതിനാലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കാലാവസ്ഥ അനുകൂലമായാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 04.03.2020 വരെയാണ്. |
| (ബി) ചെറുകുന്ന് പഞ്ചായത്തിലെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ ബാപ്പുക്കൽ ബണ്ടിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് കുറുകെ പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഈ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷി സ്ഥലങ്ങളുടെ ആയക്കെട്ട് വിസ്തൃതി ലഭ്യമാകുന്നതനുസരിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഫണ്ട് ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ